15.1.98-ലെ 3116/98/ധന സർക്കാർ ഉത്തരവു പ്രകാരം പ്രൊവിഷണൽ സർവ്വീസ് പെൻഷനു കണക്കാക്കാനുള്ള വ്യവസ്ഥ വേണ്ടെന്നു വച്ചത്.

16 (308) സർക്കാർ ഉദ്യോഗസ്ഥരുടെ ഗ്രേഡ്

ശ്രീ. കെ. സുധാകരൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഗ്രേഡിനെ സംബന്ധിച്ച് റീ ഓപ്ഷൻ നൽകാൻ അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്തുവോ ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദീകരിക്കുമോ;

(സി) ഈ നടപടി സർക്കാർ ജീവനക്കാരെ പ്രതികൂലമായി ബാധിക്കുകയില്ലേ;

(ഡി) ഗ്രേഡിലുള്ള റീ-ഓപ്ഷൻ റദ്ദ് ചെയ്ത നടപടി പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) 30.4.99 ലെ ജി.ഒ.(എം.എസ്)നം.1333/99/ധന. എന്ന ഉത്തരവ് പ്രകാരം സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഗ്രേഡിംഗ് റീ ഓപ്ഷൻ നൽകാനുള്ള അനുമതി പിൻവലിച്ചു.

(ബി) സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് ഇങ്ങനെയൊരു നടപടി സ്വീകരിക്കേണ്ടതായി വന്നത്.

(സി)&(ഡി) സർക്കാർ ജീവനക്കാരിൽ കുറേപേരെ ഈ നടപടി പ്രതികൂലമായി ബാധിക്കുമെന്ന് കണ്ടതിനാൽ പ്രസ്തുത നടപടി പുനഃപരിശോധിച്ചു കൊണ്ടുള്ള ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്.

17 (309) സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് എത്ര ഡി.എ. കുടിശ്ശിക നൽകാനുണ്ട്;

(ബി) എത്ര ശതമാനം വീതമുള്ള കുടിശ്ശികയാണ് നൽകാനുള്ളത്;

(സി) ഈ കുടിശ്ശിക എന്നത്തേയ്ക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ 1.1.99 മുതൽ പ്രഖ്യാപിച്ച ഒരു ഗഡു ഡി.എ. മാത്രമേ സംസ്ഥാന ജീവനക്കാർക്ക് കുടിശ്ശികയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly